**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4061** **28-06-2024 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | **അവയവമാറ്റ ശസ്ത്രക്രിയകൾക്കായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, മെഡിസെപ് എന്നീ പദ്ധതികൾ മുഖേന സഹായം നൽകി വരുന്നു. കൂടാതെ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകി വരുന്നു.** |
| (ബി) | പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രസ്തുത ശസ്ത്രക്രിയകൾക്ക് സഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ? | (ബി) | **ആരോഗ്യകിരണം പദ്ധതി വഴി പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ